# ജാമക്കാരൻ
# JAMAKKARAN

ജാമക്കാരൻ JAMAKKARAN

VOLUME - 3 Reg NO.TNBIL/2016/70171 ISSUE - 6
JUNE - 2019 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com



കർത്താവിൽ പ്രിയരേ,

നിങ്ങൾ എല്ലാപേർക്കും ക്രിസ്തുവിന്റെ സമാധാനം ലഭിക്കട്ടെ. നമ്മുടെ ഭാരതദേശത്തിൽ ഒരുവിധം ഇലക്ഷൻ അവസാനിച്ചു. കാവി പാർട്ടിയുടെ ഭൂരിപക്ഷം ഇരട്ടിയായി കൂടി.

പ്രാർത്ഥനാഗോപുര സ്റ്റാർ പ്രാസംഗീകർ ഒഴികെ മറ്റെല്ലാപേരും ഡൽഹിയിൽ ഉള്ള ബിഷപ്പുമാരുടെ തലവനും പ്രധാനമന്ത്രിയുടെ പേര് പ്രാർത്ഥനയിൽ വിളിച്ചു പറഞ്ഞു. കാവി പാർട്ടിക്ക് (BJP) വലിയ തോൽവി ഉണ്ടാകണം ദൈവമേ എന്നു പ്രാർത്ഥിച്ചു. പക്ഷെ ദൈവമോ BJP യെ മുൻപെക്കാൾ കൂടുതൽ ബലപ്പടുത്തി. ഫറവോന്റെ ഹൃദയത്തെ ദൈവമാണ് കൂടുതൽ കഠിനപ്പെടുത്തിയതെന്നു വേദപുസ്തകം പറയുന്നു.

നിന്നെ തൊടുന്നവൻ എന്റെ കണ്ണിന്റെ കൃഷ്ണമണിയെ തൊടുന്നു എന്നുള്ള അടിസ്ഥാനത്തിലാണ് ദൈവം തന്റെ ജനങ്ങളെ സംരക്ഷിക്കുന്നത്. എന്നിട്ടും ഇന്ത്യയിൽ ധാരാളം ക്രിസ്തീയ സഭകൾ തകർക്കപ്പെട്ടു. മിഷനറിമാർ

# JUNE - 2019

കൊല്ലപ്പെട്ടു. പല സ്ഥലങ്ങളിലും പാസ്റ്റർമാരെ ഗ്രാമങ്ങളിൽ നിന്നും പുറത്താക്കി. ഇംഗ്ലണ്ടിലെ BBC വാർത്തകൾ 4420 ക്രിസ്ത്യാനികളും ക്രിസ്തീയ ദൈവവേലക്കാരും ഇതുവരെ കൊല്ലപ്പെട്ടു, ഉപദ്രവിക്കപ്പെട്ടു എന്ന് അറിയിച്ചു. ഇങ്ങനെ ആയിരിക്കെ ദൈവത്തിന്റെ ദീഘലക്ഷമയുടെ ഉദ്ദേശം എന്താണ്? എന്തുകൊണ്ട് ദൈവം ഇവരെ തടയുന്നില്ല?


കർത്താവ് മോശയോട് ഞാൻ നിനക്കു വായായിരിക്കും നിന്റെ കൈയ്യായിരിക്കും ഞാൻ നിന്നോടു കൂടെ ഉണ്ടായിരിക്കും എന്നെല്ലാം പറഞ്ഞു ധൈര്യപ്പെടുത്തി. മോശേ നീ ധൈര്യമായിട്ട് പോയി ഫറവോനോടു സംസാരിക്ക് എന്ന് പറഞ്ഞതിനുശേഷം രഹസ്യമായി ഫറവോന്റെ ഹൃദയത്തെ കഠിനപ്പെടുത്തി. മോശെ ചോദിച്ചാലും ജനങ്ങളെ ആരാധിക്കാൻ പോകാൻ വിടാതിരിക്കാൻ ഫറവോന്റെ ഹൃദയത്തെ മുൻപിലത്തേതിനേക്കാൾ കൂടുതൽ കഠിനപ്പെടുത്തിയതെന്തുകൊണ്ടാണ്? ഇതിനെ ഹൈന്ദവർ ദൈവത്തിന്റെ കളി എന്ന് പറയും. നമ്മുടെ ദൈവം **ഉണ്ണിയേശു** അല്ല. കളിക്കുന്ന കുഞ്ഞും അല്ല.

ഒരേ സമയം ദൈവം ഇവിടെ രണ്ട് കാര്യങ്ങൾ ചെയ്യുന്നു. താൻ സ്നേഹിക്കുന്ന ജനങ്ങളുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുന്നു. പരാജയത്തിൽ തളർന്നുപോകാതെ ആ വിശ്വാസം നമ്മുടെ ആത്മാവിനെ ബലപ്പെടുത്തുവാൻ സാധിക്കും എന്ന് ദൈവം അറിഞ്ഞു. നാം ഇങ്ങനെ ഉള്ള പരാജയങ്ങളിൽ പിറുപിറുക്കാതെ വിശ്വാസത്തെ മുറുകെ പിടിക്കണം. വില 3:30 ൽ പറയുന്നതുപോലെ മനസ്സോടെ അല്ലല്ലോ ദൈവം മനുഷ്യനെ ദുഃഖിപ്പിക്കുന്നത്. ഇതിനകത്ത് ദൈവത്തിന്റെ ഉദ്ദേശം ഉണ്ട്. അതേ സമയം നമ്മുടെ ശത്രുവിനെ മുഴുവനായി നശിപ്പിക്കണം. അതിനുവേണ്ടി ഫറവോന്റെ ഹൃദയത്തെ കഠിനപ്പെടുത്തേണ്ട ആവശ്യം ഉണ്ടായി.

BJP ഗവൺമെന്റ് കാരണം ഇന്ത്യയിൽ പല സാമൂഹിക സ്ഥാപനങ്ങൾ അടച്ചു. ധാരാളം സാധുകുട്ടികൾ, വിധവമാർ ഇവർക്കു ഇതുവരെ ലഭിച്ചുകൊണ്ടിരുന്ന സഹായങ്ങളും നിറുത്തപ്പെട്ടു. ഇതുകാരണം ഇങ്ങനെ ഉള്ള സാമൂഹിക സേവന സ്ഥാപനങ്ങൾ അടച്ചതുകൊണ്ട് ആയിരക്കണക്കായ ജോലിക്കാർക്കു ജോലിയില്ലാതായി. പല ദൈവവേലക്കാരുടെ സ്ഥിതി തലകീഴായ് മാറി. ഇതെല്ലാം കണ്ട് കാവി കക്ഷിക്കാർക്ക് വളരെ സന്തോഷം കിട്ടി.

## കാവി പാർട്ടി *(BJP)* ആവശ്യത്തിനെക്കാൾ കൂടുതൽ ഭൂരിപക്ഷം കിട്ടിയതെങ്ങനെ?

ഇലക്ഷൻ അടുത്തുവന്ന അവസാന മാസത്തിൽ Mr. മോദി അവർകളുടെ ആളുകൾ ജനങ്ങളുടെ മനസ്സിനെ മാറ്റാനായി വളരെ ഭയങ്കര ഒരു ആയുധം കൈയ്യിൽ എടുത്തു. ഹിന്ദുദേശം ഹിന്ദുമതത്തിലുള്ളവർക്കു മാത്രമാണ്. നീ യഥാർത്ഥ ഹൈന്ദവനായിരുന്നാൽ നിന്റെ അപ്പൻ നല്ല ഹൈന്ദവ കുടുംബത്തിൽ ജനിച്ചവനായിരുന്നാൽ നീ ആരാധിക്കുന്ന മാതൃമതത്തിൽ ദൈവമായി കരുതപ്പെടുന്ന വിഗ്രഹ ദൈവങ്ങൾക്കു എതിരായി പ്രവർത്തിക്കാൻ പാടില്ല. ഹൈന്ദവമത പാർട്ടിയായ BJP യ്ക്ക് നീ വോട്ട് ഇടാതെപോയാൽ അത് ദൈവവിരോധമാകും. ഇതു മുദ്രാവാക്യമാക്കി നഗ്നസന്യാസിമാരെക്കൊണ്ടും ഹൈന്ദവ പീഠാധിപതികളെക്കൊണ്ടും അറിയിക്കാൻ ഏർപ്പാടുചെയ്തു. നിങ്ങൾ താമരയ്ക്ക് വോട്ട് ഇടാതെപോയാൽ ഗവൺമെന്റിന്റെ ആനുകൂല്യങ്ങളും റേഷൻ സാധനങ്ങളും ഒന്നും കിട്ടുകയില്ല എന്ന് ഗ്രാമവാസികളെയും ആദിവാസി ജനങ്ങളെയും പേടിപ്പിച്ചു.



☐ ഇലക്ഷൻ ദിവസത്തിനു അടുത്ത ആഴ്ചയിൽ Mr. മോദി അവർകൾ ഇന്ത്യാ ജനങ്ങൾ എല്ലാപേരും എല്ലാ ടി.വി ചാനലിലും കാണത്തക്കവണ്ണം കാവിപുതപ്പ് പുതച്ച് ഒരു ഗുഹയിൽ ഇരുന്നു ധ്യാനം ചെയ്തത്. എല്ലാ മീഡിയകൾക്കും കവറേജ് കൊടുത്തു. താൻ കൂടുതൽ ഭക്തൻ എന്ന് കാണിക്കാൻ ചെയ്ത തന്ത്രങ്ങളാണ് ഹൈന്ദവ ജനങ്ങളെ തന്റെ പാർട്ടിയിലേക്ക് ആകർഷിക്കാൻ ചെയ്ത ഭയങ്കര ചതിയാണ് എന്ന് എതിർപാർട്ടികൾ വിമർശിച്ചു. മാത്രമല്ല ഇത് ഇലക്ഷൻ പെരുമാറ്റചട്ടങ്ങൾക്ക് വിരോധമാണെന്നും ഇലക്ഷൻ കമ്മീഷനിൽ പരാതിപ്പെടുകയും ചെയ്തു.

BJP പാർട്ടി ജയച്ചതിന് മറ്റൊരുകാരണമായി പറയപ്പെടുന്നത്, വോട്ടിംഗ് മെഷീനെ BJP പാർട്ടിക്ക് അനുകൂലമായി വോട്ടുകിട്ടാൻ ഉപയോഗിച്ചു എന്ന് പറയപ്പെടുന്നു. ഒരു സ്ഥലത്തിരുന്ന് റിമോർട്ട് ഞെക്കിയാൽ ഇലക്ഷൻ മെഷീനുകളിൽ ജനങ്ങൾ ഏത് ബട്ടൺ അമർത്തിയാലും എല്ലാ വോട്ടും BJP യ്ക്ക് ആകും എന്നുള്ള തരത്തിൽ ഉപയോഗിച്ചതായി പറയപ്പെടുന്നു. അങ്ങനെ മെഷീനെ ഉപയോഗിച്ചതായി കമ്പ്യൂട്ടർ മിടുക്കന്മാർ കോടതിയിലും ഇലക്ഷൻ കമ്മീഷനിലും പ്രൂഫ് കാണിച്ചു. ഇത് നിങ്ങൾ പത്രങ്ങളിലും ടി.വി ചാനലിലും കാണുകയും വായിക്കുകയും ചെയ്തു എന്നും ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ വടക്ക് സംസ്ഥാനങ്ങളിൽ BJP യ്ക്ക് വോട്ട് എണ്ണം കൂടി എന്നും പറയപ്പെടുന്നു.

☐ ഈ ഇലക്ഷൻ മെഷീനുകൾ വഴിയായി തങ്ങൾ ചെയ്ത രഹസ്യ ഏർപ്പാടുകൾ തങ്ങളെ വഞ്ചിക്കുന്നില്ല എന്നുള്ള ഉറപ്പ് മോദി അവർകൾക്ക് ഉണ്ടായതുകൊണ്ട് ഇലക്ഷൻ നടക്കുന്ന ദിവസം രാത്രി തന്റെ പാർട്ടിക്കും എതിർ പാർട്ടിക്കും വലിയ വിരുന്ന് വെച്ചു. ഈ വിരുന്ന് ജയിച്ചു പ്രധാനമന്ത്രിയായ ശേഷം വെക്കേണ്ട വിരുന്നാണ്. ഇങ്ങനെ പല ചതികൾ നടന്നതുകൊണ്ടാണ് വളരെ എളുപ്പത്തിൽ ഇന്ന് വളരെ ഭൂരിപക്ഷത്തിൽ BJP ജയിച്ചു. അതുകൊണ്ട് Mr. മോദി അവർകൾ ജയിച്ചു എന്നു പറയുന്നതിനേക്കാൾ ഇന്ത്യ ജനങ്ങൾ എല്ലാരും തോറ്റുപോയി എന്നു പറയുന്നതാണ് ശരി.

☐ അടുത്തകാരണം എല്ലാ ഇലക്ഷൻ അധികാരികളേയും പോലീസ് അധികാരികളേയും മോദി അവർകൾ തന്റെ നിയന്ത്രണത്തിൽ വച്ചിരുന്നു. മോദി അവർകൾ പറയുന്നത് ചില സ്ഥലങ്ങളിൽ ഹൈക്കോടതി ജഡ്ജിമാർ പോലും അനുസരിച്ചു എന്ന് പറയപ്പെടുന്നു.

☐ BJP ജയിക്കുവാൻ അടുത്ത പ്രധാന കാരണം പ്രതിപക്ഷ പാർട്ടികളുടെ ഐക്യമില്ലാതെ പോയതാണ്. പ്രധാനമന്ത്രി പദവിയിൽ ആരെയാണ് നിർത്തേണ്ടത് എന്ന് പറഞ്ഞില്ല. രാഹുൽ തന്നെ പ്രധാനമന്ത്രിയാകണം എന്ന് തമിഴ് നാട്ടിൽ നിന്ന് പറഞ്ഞപ്പോൾ പശ്ചിമബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജിയ്ക്ക് ദേഷ്യം ഉണ്ടായി. വടക്കേ ഇന്ത്യ പ്രതിപക്ഷ പാർട്ടികൾ മമത പ്രധാനമന്ത്രിയാകുന്നത് ഇഷ്ടമായിരുന്നു. അവരുടെ കൈകൾ ശുദ്ധമാണ്.

കഴിവുള്ള ഭരണകർത്താവാണ്. അതുകൊണ്ട് ഇന്ത്യ പുരോഗമിക്കും എന്നവർ കരുതി. അതേസമയം അവരുടെ ബലഹീനതയും ചൂണ്ടിക്കാണിച്ചു. മമത മുൻകോപിയാണ്. ആരെയും ബഹുമാനിക്കുന്നില്ല. അതുകൊണ്ട് അവരെ പ്രധാനമന്ത്രിയാക്കാൻ ചില പാർട്ടികൾ ഇഷ്ടപ്പെട്ടില്ല. മായാവതി (UP) പ്രധാനമന്ത്രിയാകുവാൻ ശ്രമിച്ചു. പക്ഷേ അവർ പണവെട്ടിപ്പിൽ ഭയങ്കരി ആയതുകൊണ്ട് ആരും അവരേയും ഇഷ്ടപ്പെട്ടില്ല. ഇങ്ങനെ പല പ്രതിപക്ഷ പാർട്ടി നേതാക്കൾക്കു പ്രധാനമന്ത്രിയാകാനുള്ള കൊതി ഉണ്ടായതുകൊണ്ട് ഇന്ത്യക്കാർക്ക് പ്രതിപക്ഷ ഐക്യത്തിൽ വിശ്വാസം ഉണ്ടായില്ല. അതുകൊണ്ട് ഇവരുടെ പാർട്ടിക്കാർ തന്നെ മോദിക്ക് വോട്ടുചെയ്തു.

☐ ഏറ്റവും പ്രധാനകാരണം ക്രിസ്ത്യാനികൾക്കു തന്നെ യോജിപ്പില്ല. എല്ലാ സഭയും ചേർന്ന് ദേശത്തിന് വേണ്ടി കരയാനും പ്രാർത്ഥിക്കാനും ആളുകൾ ഇല്ലാതെ പോയി. അങ്ങനെ പ്രാർത്ഥിക്കുന്നവർ ഇല്ലെന്നു ദൈവം തന്നെ പറയുന്നു. യെഹെ 22:30 ൽ **ഞാൻ ദേശത്തെ നശിപ്പിക്കാതവണ്ണം ഇടിവിൽ നിൽക്കേണ്ടതിന് ഒരു പുരുഷനെത്തേടി ആരെയും കണ്ടില്ല എന്ന് ഭാരത്തോടെ പറയുന്നു.**

ഇനി BJP യുടെ ആളുകൾ ആയ **ഗോമാതാകൂട്ടം പശുസംരക്ഷണ കൂട്ടം, സംഘപരിവാർ കൂട്ടം ഹൈന്ദവ മത സംരക്ഷണ** സമിതി എന്ന പേരിൽ RSS **തീവ്രവാദികളുടെ** കളികൂടുതലാകും. എന്നാലും പുതിയ ഭരണത്തിനുവേണ്ടിയും ഭരണാധികാരികൾക്കുവേണ്ടിയും പ്രധാന മന്ത്രിയായ **മോദി** അവർകളേയും സഭകളായ് വ്യക്തികളായ് നമ്മുടെ പ്രാർത്ഥനയിൽ ഓർക്കണം എന്ന് പരിശുദ്ധാത്മാവ് 1 തിമോ 2:1, 2 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നു. ഇതോടെ ഞാൻ അവസാനിപ്പിക്കുന്നു. വായനക്കാർ ഓരോരുത്തരും നമ്മുടെ ദേശത്തിനു വേണ്ടി ഭാരത്തോടെ പ്രാർത്ഥിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പ്രധാനമന്ത്രി മോദി അവർകൾക്ക് ജാമക്കാരൻ വായനക്കാരുടെ പേരിലും എന്റെ സ്വന്തം പേരിലും ആശംസകൾ നേരുന്നു.

**ഡോ. പുഷ്പരാജ**

# ട്രൈബൽ മിഷൻ വാർഷിക കൺവെൻഷൻ

## 2019 ലെ ട്രൈബൽ മിഷൻ വർഷാന്ത്യ കൺവെൻഷൻ നാഗർകോവിൽ



Dr. Pushparaj



Dr. Muralidhar

ഈ പ്രാവശ്യം ട്രൈബൽ മിഷന്റെ ആന്വൽ ജനറൽ മീറ്റിംഗ് **നാഗർകോവിലിലെ** പുതുക്കുടി C.S.I സഭയിൽ വച്ചു നടന്നു. C.S.I സഭയുടെ **സീനിയർ അച്ചൻ** റവ: S. ജസിൻ അവർകളും മറ്റ് അച്ചൻമാരും ഈ യോഗം നടത്താൻ വളരെ സഹായിച്ചു.





ട്രൈബൽ മിഷന്റെ പങ്കാളികളായി തമിഴ്നാട്ടിൽ, നാഗർകോവിൽ, **മധുര, പഴനി** എന്ന സ്ഥലങ്ങളിൽ നിന്നുള്ളവർ പ്രാർത്ഥനയിലും പണത്തിലും ധാരാളമായിതാങ്ങുന്നു.

നാഗർകോവിലിൽ നടന്ന ഈ യോഗ ഏർപ്പാടുകളെ Dr. സാം സഹായദാസ് M.S അവർകളും മറ്റു ഡോക്ടർമാരും, എഞ്ചിനീയർമാരും, മറ്റ് പങ്കാളികളും മൂന്നു ദിവസം ഈ യോഗത്തെ നടത്തുവാൻ ഏർപ്പാടുകൾ ചെയ്തിരുന്നു. സഹോ. ഡോൺ അവർകളും കോ–ഓഡിനേറ്ററായിരുന്നു ഈ യോഗങ്ങളെ നടത്തി. മൂന്നു ദിവസ യോഗങ്ങളിലും മിഷനറികളുടെ അനുഭവങ്ങൾ ആദിവാസി വിശ്വാസികളുടെ സാക്ഷ്യങ്ങൾ യോഗത്തിൽ സംബന്ധിച്ചവരുടെ ഹൃദയങ്ങളെ സ്പർശിച്ചു. മിഷനറി വേലയിൽ കൂടുതൽ പങ്കാളിത്വം വഹിക്കുവാൻ ഇതു പ്രേരിപ്പിച്ചു. ആദിവാസി ചെറിയ കുഞ്ഞ് ആദിവാസി ഭാഷയിൽ യേശുവിനെ പുകഴ്ത്തി പാടിയത് കർത്താവിനെ മഹിമപ്പെടുത്തി.

ട്രൈബൽമിഷൻ മൂലമായി ഏകദേശം 225 മിഷനറികൾ ഇന്ത്യയിൽ വടക്ക് മരുഭൂമിയായ രാജസ്ഥാൻ വരെ വയൽ പ്രദേശങ്ങളെ തിരഞ്ഞെടുത്ത് സുവിശേഷം അറിയിച്ചു. മിഷനറിവയൽ പ്രദേശങ്ങളിലെല്ലാം പള്ളികൾ പണിതു. ആ ദേവാലയങ്ങളിൽ ആരാധനകൾ അവരവരുടെ ഭാഷയിൽ നടന്നുകൊണ്ടിരിക്കുന്നു. ഈ മിഷനറിവേലയിൽ പ്രത്യേകമായി പറയേണ്ട വിഷയം ഇന്ത്യയുടെ പടിഞ്ഞാറ് ഭാഗത്തുള്ള **മാവോയിസ്റ്റ്** തീവ്രവാദികളുടെ ഇടയിൽ ട്രൈബൽ മിഷൻ മിഷനറിമാർ ക്രിസ്തുവിന്റെ സ്നേഹം അറിയിച്ചതുകൊണ്ട് കള്ളനെ സ്നേഹിച്ച കർത്താവ് ഈ തീവ്രവാദികളുടെ തെറ്റുകളേയും ക്ഷമിച്ച് സ്നേഹിക്കുന്നു എന്നറിഞ്ഞപ്പോൾ തങ്ങളുടെ ആയുധങ്ങളെ വിട്ടെറിഞ്ഞ് തീവ്രവാദികളുടെ ഗ്രൂപ്പിൽ നിന്നു മാറി യേശുവിനെ സ്വന്തരക്ഷകനായി സ്വീകരിച്ച് സ്നാനപ്പെട്ട് സഭാവിശ്വാസികളായി മാറി ആരാധിക്കുന്നു. മാത്രമല്ല രക്ഷിക്കപ്പെട്ട **തീവ്രവാദികളിൽ ഒരാൾ** ബൈബിൾ കോളേജിൽ പഠിച്ച് മിഷനറിയായി പ്രവർത്തിച്ച് ഇപ്പോൾ ഇവിടെ ഉള്ള ചെറിയ ചെറിയ സഭകളുടെ സീനിയർ **പാസ്റ്ററായി മാറിയത്** എത്ര വലിയ **അത്ഭുതം. രോഗശാന്തിയെക്കാൾ** വലിയ അത്ഭുതം. ഒരു മനുഷ്യന്റെ ക്രൂരമായ

സ്വഭാവത്തിൽ നിന്നുമാറി ശാന്തനായി ജീവിച്ച് അതേ യേശുവിനെ മറ്റുള്ളവർക്കും അറിയിക്കുന്നതാണ്. യേശുക്രിസ്തു മാവോയിസ്റ്റ് തീവ്രവാദികൾക്ക് വേണ്ടിയും വനത്തിലുള്ള ആദിവാസികൾക്കു വേണ്ടിയും ക്രൂശിക്കപ്പെട്ടു എന്നുള്ള സദ്വാർത്തയാണ് ആ തീവ്രവാദികളെ മാറ്റിയത്.

**ആദിവാസി മിഷനറിവയൽ പ്രദേശത്ത് സൗജന്യ മെഡിക്കൽ ക്യാമ്പും സുവിശേഷ പ്രവർത്തനവും**



**Dr. Sam Sahayadass**, M.S.,

മുകളിൽ പറഞ്ഞതുപോലെ തിങ്ങിനിറഞ്ഞ വനത്തിനുള്ളിൽ തീവ്രവാദികളെ സന്ദർശിച്ച് യേശുവിനെ അറിയിച്ച് അവർക്ക് സൗജന്യമായി പരിചരണം കൊടുക്കുവാൻ പല ഡോക്ടർമാർ സമർപ്പിച്ചു സർജറി സ്പെഷ്യലിസ്റ്റായ ഡോ. **സാം സഹായദാസ്** M.S അവർകളും മറ്റുചില ഡോക്ടർമാരും **കേരളത്തിൽ നിന്നുവന്ന** ഡോക്ടർമാരും ചേർന്ന് തങ്ങളുടെ **ഒരാഴ്ച വരുമാനം** കാര്യമാക്കാതെ വനത്തിൽ താമസിച്ച് ഇങ്ങനെ ഒരു ദൈവവേല ചെയ്യുന്നത് സാധാരണ വിഷയമല്ല. ട്രൈബൽ മിഷനുവേണ്ടി തുടർന്ന് പ്രാർത്ഥിക്കണം. മിഷനറിമാർക്ക് വേണ്ടിയും മിഷനറിമാരുടെ മക്കളുടെ പഠിത്തത്തിന് വേണ്ടിയും



**Dr. Muralidhar**, M.D.,

വിശ്വാസികൾ തങ്ങളുടെ പങ്ക് അയക്കണം. വനപ്രദേശങ്ങളിൽ ഉള്ള വയൽ പ്രദേശങ്ങളിൽ പള്ളി പണിയാനുള്ള ആവശ്യങ്ങൾ ഏറ്റെടുക്കാൻ ആഗ്രഹം ഉള്ള വിശ്വാസികൾ ഇതിന്റെ അവസാനം ചേർത്തിരിക്കുന്ന അഡ്രസ്സിൽ അയയ്ക്കണം.

# ട്രൈബൽ മിഷൻ തുടങ്ങിയ വിവരം

**ആദ്യത്തെ മിഷനറി യാത്ര:** പല വർഷങ്ങൾക്കുമുൻപേ ഈ വിഷയങ്ങളെക്കുറിച്ച് എന്റെ മാസികയായ ജാമക്കാരനിൽ (കാവൽക്കാരൻ) "മനുഷ്യരെക്കാണാത്ത മനുഷ്യർ" എന്നുള്ള തലക്കെട്ടിൽ ട്രൈബൽ മിഷന്റെ ആരംഭം ഞാൻ എഴുതിയിരുന്നു. പല വർഷങ്ങൾ കടന്നുപോയതുകൊണ്ട് ട്രൈബൽ മിഷൻ പങ്കാളികളായിട്ടുള്ള പുതിയ തലമുറകൾ അറിയാൻ വേണ്ടി ചുരുക്കമായി ട്രൈബൽ മിഷൻ ആരംഭകാല സംഭവങ്ങളെ ഞാൻ ഇവിടെ സൂചിപ്പിക്കുന്നു.

മലയാള മനോരമാ പത്രത്തിൽ പടിഞ്ഞാറൻ മലകളിൽ **നിലമ്പൂർ** വനത്തിന്റെ ഉള്ളിൽ ചോല നായ്ക്കൻമാർ എന്ന ആദിവാസിക്കൂട്ടം ജീവിക്കുന്നതായും അവരെക്കുറിച്ച് ഗവൺമെന്റിന്റെ റെക്കോർഡിൽപോലും എഴുതിയിട്ടില്ലെന്നും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് അധികാരികളോ ഇങ്ങനെ ഉള്ള ആദിവാസികളെ കണ്ടതായി പറഞ്ഞിട്ടില്ല. മനോരമ പത്രത്തിന്റെ ന്യൂസ് ഏജന്റ് വഴിയായി ഇങ്ങനെയുള്ള കൂട്ടത്തെക്കുറിച്ച് മനോരമ പത്രത്തിൽ തുടർന്ന് പല ദിവസങ്ങൾ എഴുതിയിരുന്നു.

കേരള കൺവെൻഷനിൽ ഞാൻ പ്രസംഗിക്കാൻ പോയപ്പോൾ മനോരമ പത്രത്തിലെ ആദിവാസികളെക്കുറിച്ചുള്ള വിവരങ്ങളെ എനിക്ക് പരിഭാഷപ്പെടുത്തുന്നവരുടെ സഹായം കൊണ്ട് ഞാനറിഞ്ഞു. ആദിവാസികളുടെ വിവരം എന്റെ ഉള്ളിൽ വലിയ ഭാരം ഉണ്ടാക്കി. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച് പല പ്രസംഗങ്ങൾ കേട്ട ജനങ്ങളെ ഓർക്കുമ്പോൾ ക്രിസ്തുവിന്റെ ആദ്യത്തെ വരവിനെക്കുറിച്ചുപോലും അറിയാത്ത ഈ ജനങ്ങളെ ആര് സുവിശേഷം അറിയിക്കും. ഈ പത്രവാർത്ത

പല രാത്രികൾ ആ ജനങ്ങളെ ഓർത്ത് എന്റെ മനസ്സിനെ ഭാരപ്പെടുത്തി. അതിനെക്കുറിച്ച് കേരളത്തിൽ ചില സ്ഥലങ്ങളിൽ പ്രസംഗിച്ചു. ചിലർ ആ വേലയിൽ പങ്കെടുക്കാൻ ആഗ്രഹിച്ചു.

വേദപുസ്തകത്തിൽ നെഹമ്യാവു എന്ന ഭക്തൻ യെരുശലേം മതിലുകൾ തകർന്ന് ശൂന്യമായിപോയ സ്ഥിതിയെക്കുറിച്ച് കേട്ടപ്പോൾ കൊട്ടാരത്തിലെ ജോലി ലീവെടുത്ത് തനിച്ചിരുന്ന് ദൈവത്തിന്റെ മുമ്പിൽ കരഞ്ഞ് ഉപവസിച്ചു പ്രാർത്ഥിച്ചു. അതുകൊണ്ട് ദൈവം അവന്റെ ചുമതലയിൽത്തന്നെ യെരുശലേമിനെ പുതുക്കിപ്പണിയാൻ ചുമതല ഏൽപ്പിച്ചു. രാജാവിന്റെ കണ്ണിൽ ദയകിട്ടി പണവും കിട്ടി. അതിന്റെ പണി തുടങ്ങാൻ അനുവാദം കൊടുത്തു. ആ സമയം നെഹമ്യാവ് ആദ്യം ചെയ്തത് കുതിരമേൽ കേറി യെരുശലേം മതിലിന്റെ മുകളിൽ യെരുശലേം നിവാസികളെയും എതിർക്കുന്നവരേയും കുറിച്ച് വിവരം ശേഖരിച്ചു. അതിന്റെ ശേഷമാണ് പള്ളിപ്പണി തുടങ്ങി പൂർത്തിയാക്കിയത്. അതുപോലെ നിലമ്പൂർ ആദിവാസികളെക്കുറിച്ചും വനങ്ങളെക്കുറിച്ചും വിവരങ്ങൾ ശേഖരിക്കാൻ ഞാൻ മാത്രം ഒറ്റയ്ക്ക് നിലമ്പൂർ ചെന്നെത്തി. അത് 1976–ാം വർഷം ജൂൺ മാസം 11–ാം തീയതിയാണ് ഞാൻ ഒറ്റയ്ക്ക് ആ സ്ഥലത്ത് എത്തിയത്. നേരത്തേ നിലമ്പൂർ ടൗണിലുള്ള സി.എസ്.ഐ പള്ളിയിൽ ഞാൻ പ്രസംഗിച്ചിട്ടുണ്ട്. റവ. P.R തോമസ് അവർകളുടെ ബന്ധു ഒരാളെ എന്നെ സഹായിക്കുവാൻ ഏർപ്പാടു ചെയ്തിരുന്നു. അദ്ദേഹം നിലമ്പൂർ റെയിൽവേ സ്റ്റേഷനിൽ വന്ന് എന്നെ സ്വീകരിച്ചു തന്റെ മോട്ടോർ സൈക്കിളിൽ എന്നെ ഇരുത്തി സ്റ്റേഷനിൽ നിന്നും കുറച്ച് ദൂരെയുള്ള വലിയ ധനവാനായ Mr. ജോൺ സാർ അവർകളുടെ ബംഗ്ലാവിലേയ്ക്ക് എന്നെ കൂട്ടിക്കൊണ്ടുപോയി. അദ്ദേഹത്തിന്റെ അച്ഛൻ Fr. John age 98 അന്ന് ആ വീട്ടിൽ ഉണ്ടായിരുന്നു. അദ്ദേഹം മുഖാന്തരം ഇരുളർ എന്ന ആദിവാസി വർഗ്ഗത്തിലുള്ള ഒരാളെ വനത്തിന്റെ ഉള്ളിൽ എന്നെ കൂട്ടിക്കൊണ്ടുപോകാൻ ഏർപ്പാടുകൾ ചെയ്യാം എന്ന് പറഞ്ഞു. ഒരാദിവാസിയുടെ സഹായമില്ലാതെ ആ വനത്തിനുള്ളിൽ ഒരു ദിവസം മുഴുവനും നടന്നുചെല്ലാനും ചോലനായ്ക്കർ എന്ന ആദിവാസികൂട്ടത്തെ

സന്ദർശിക്കുവാനും സാധിക്കില്ല എന്നു പറഞ്ഞു. മറ്റ് വിവരങ്ങളേയും ശേഖരിച്ച് ഞാൻ എന്റെ നാട്ടിൽ മടങ്ങിവന്നു.

**രണ്ടാമത്തെ യാത്ര**

അതിനുശേഷം കേരളത്തിൽ മറ്റൊരു കൺവെൻഷനിൽ ഈ ആദിവാസികളെപ്പറ്റി പങ്കുവച്ചു. അതുകേട്ട് എന്റെ ആത്മീക സുഹൃത്തായ Mr. കുര്യാക്കോസ് (ടെലിഫോൺ എക്സ്ചേഞ്ച്, പെരുമ്പാവൂർ) അവർകൾ 4.10.1976 ൽ എനിക്കൊരു കത്തെഴുതി. ഡോക്ടർ നിങ്ങളെപ്പോലെ ആ ആദിവാസികളെക്കുറിച്ചു ഭാരമുള്ള നാലുപേർ എന്നോട് ആ മലക്കു പോകുന്ന വിവരത്തെക്കുറിച്ച് സംസാരിച്ചു. അതുകൊണ്ടു ഡോക്ടർ ഇടപെടുമെങ്കിൽ നമുക്കെല്ലാവർക്കും കൂടി ആ മലയിൽ പോകാം എന്നെനിക്കെഴുതി. ഉടൻ തന്നെ ഒരു പ്രത്യേക ദിവസം ഞങ്ങൾ അഞ്ചുപേർ കേരളത്തിലെ പെരുമ്പാവൂർ എന്ന സ്ഥലത്ത് ഒത്തുചേർന്ന് ഉപവസിച്ചു പ്രാർത്ഥിച്ചു യാത്ര തുടർന്നു. ഇതാണ് ഞങ്ങളുടെ ആദ്യത്തെ മിഷൻ യാത്ര. പടത്തിൽ കാണുന്നത് ട്രൈബൽ മിഷന്റെ ആദ്യത്തെ മിഷനറിവേലയുടെ രണ്ടാമത്തെ യാത്രയിൽ ഞങ്ങൾ ഒരുമിച്ചുപോയ സഹോദരന്മാരാണ്. ട്രൈബൽ മിഷൻ എന്നുള്ള പേര് വെയ്ക്കുന്നതിന് മുമ്പ് ആദ്യമായി ഒത്തുകൂടിയ വ്യക്തികളാണ് ഞങ്ങൾ. ട്രൈബൽ മിഷൻ വളർന്ന ഉടൻ ഇവർതന്നെ ആദ്യത്തെ ഭരണകർത്താക്കളായി. ആദ്യം **കേരളാ ട്രൈബൽ മിഷൻ** എന്ന പേരിലാണ് തുടങ്ങിയത്. പിന്നെ ഇന്ത്യ മുഴുവനും സുവിശേഷം അറിയിക്കുന്ന ചുമതലയെക്കുറിച്ച് മനസ്സിലാക്കി കേരള എന്ന പേരുമാറ്റി ട്രൈബൽമിഷൻ എന്ന പേരിൽ പ്രവർത്തിക്കാൻ തുടങ്ങി. ആദ്യത്തെ ട്രൈബൽ മിഷൻ ജനറൽ സെക്രട്ടറി Mr. മോഹൻ കുര്യനാണ്. ഫോട്ടോയിൽ (വലത്തുനിന്ന് ഇടത്തോട്ട്) 1. Mr. T.S തോമസ്, 2. Mr. കുര്യാക്കോസ്, 3. Mr. മോഹൻ കുര്യൻ, 4. Mr. K.T മാത്യു, 5. Dr. പുഷ്പരാജ്.



ഈ അഞ്ചുപേരായി നിലമ്പൂർ മലയിൽ പുറപ്പെടാൻ ഒരുങ്ങി. പടത്തിൽ കാണുന്ന 98 വയസ്സ് പാസ്റ്റർ പ്രാർത്ഥിച്ച് ഞങ്ങളെ അയച്ചു. നിലമ്പൂർ അടിമലവരെ ചെല്ലുവാൻ ഒരു ജീപ്പ് ഏർപ്പാടു ചെയ്തു. അടിമല ഒരു മണിക്കൂർ കൊണ്ടെത്തി. നിലമ്പൂർ ചോലനായ്ക്കൻമാരുടെ അടുത്തെത്തുവാൻ ചോലനായ്ക്കൻ പയ്യനെ ഞങ്ങൾ കണ്ടുമുട്ടി. അവന് കഴിക്കാൻ ആഹാരം വാങ്ങിക്കൊടുത്ത് അവന്റെ സഹായത്തോടെ ചോലനായ്ക്കൻമാർ താമസിക്കുന്ന മലയിൽ എത്തി. അവിടെ താമസിച്ചു. അവരോട് സുവിശേഷം അറിയിച്ചു. ഞങ്ങൾ പറഞ്ഞതു ഒന്നും അവർക്ക് മനസ്സിലായില്ല. എന്നാലും അവരുടെ ആവശ്യങ്ങൾ എല്ലാം മനസ്സിലാക്കി പ്രാർത്ഥിച്ചു. ഞങ്ങൾ പരാജയത്തോടു മടങ്ങി.

**മൂന്നാം യാത്ര** : ഈ പ്രാവശ്യം ഞങ്ങൾ പോകുമ്പോൾ അവർക്കിഷ്ടമായ



സാധനങ്ങൾ, ഉടുപ്പുകൾ, അരി, ഉപ്പ് എല്ലാം കൊടുത്ത് അവരുടെ സ്നേഹം ഞങ്ങൾ നേടി. രോഗമുള്ളവർക്ക് ചികിത്സയും ചെയ്തു. ഞങ്ങൾ കൊടുത്ത സാധനങ്ങളും അരിയും യേശു നിങ്ങളെ സ്നേഹിച്ചതുകൊണ്ടാണ് ഞങ്ങൾ കൊണ്ടുവന്നത് എന്ന് പറഞ്ഞു. ഈ പ്രാവശ്യം Mr. ഫ്രാങ്ക്ളിൻ (ഗ്രാമസേവക്) സ്ഥലത്തിന്റെ വിവരങ്ങളെല്ലാം ഞങ്ങൾക്ക് പറഞ്ഞുതന്ന് ഞങ്ങളെ സഹായിച്ചത് വളരെ പ്രയോജനകരമായിരുന്നു.

# ട്രൈബൽ മിഷനിൽ *Dr.* മുരളിധർ *M.D. (Cardiologist)* അവർകളുടെ പ്രവേശനം

അന്നു കോട്ടയത്തിൽ ഞാൻ നടത്തിയ ഒരു പകൽ ഉപവാസയോഗത്തിൽ ആദ്യമായി Dr. മുരളീധർ അവർകൾ സംബന്ധിച്ചു. ആ ഉപവാസയോഗത്തിൽ എന്റെ പ്രസംഗത്തോടൊപ്പം ചോലനായ്ക്കൻമാർ ആദിവാസികളെക്കുറിച്ചുള്ള വിവരങ്ങളും ട്രൈബൽ മിഷൻ പ്രവർത്തനങ്ങളേയും കുറിച്ചുകേട്ട് ട്രൈബൽ മിഷനിൽ ചേർന്നു. Dr. മുരളീധർ അവർകളെ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുത്തു. അന്നുതുടങ്ങി ഇന്നുവരെ അദ്ദേഹം തന്നെ സ്ഥിരം ജനറൽ സെക്രട്ടറിയായി വളരെ ഭാരത്തോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.



പടത്തിൽ രണ്ടാമതായി കാണുന്നതാണ് Dr. മുരളീധർ. എന്റെ പിറകിൽ കണ്ണടവച്ചു നിൽക്കുന്ന സഹോദരനാണ് കോട്ടയം സിൻഡിക്കേറ്റ് ബാങ്ക് മാനേജറായിട്ടും ട്രൈബൽ മിഷന്റെ ട്രഷറർ ആയും ചുമതല ഏറ്റുനടത്തിയ Mr. A.K വർഗ്ഗീസ് (വടവന്നൂർ) ഈ സമയത്താണ് ട്രൈബൽ മിഷനെ ട്രസ്റ്റായി രജിസ്റ്റർ ചെയ്തത്.

## ട്രൈബൽ മിഷൻ ജനറൽ സെക്രട്ടറി *Dr.* മുരളീധർ *MD, MAMS*

Dr. മുരളീധർ അവർകൾ കൊല്ലം കത്തോലിക്കാസഭ നടത്തുന്ന

ആശുപത്രിയായ ബെനിസിഗർ (BENZIGER) ആശുപത്രിയുടെ ചീഫ് കാർഡിയോളജിസ്റ്റായി വലിയ ശമ്പളത്തോടു ജോലി ചെയ്തുകൊണ്ടിരുന്നു. അദ്ദേഹത്തിന് പ്രസംഗതാലന്തും വളരെ വ്യത്യാസമായ രീതിയിൽ കർത്താവു നൽകിയിരുന്നു. ബൈബിൾ കോളേജിൽ പോകാതെ തന്നെ ബൈബിൾ വചന രഹസ്യങ്ങളെ വിവേചിച്ചു പറയുവാൻ പരിശുദ്ധാത്മാവ് പല കൺവെൻഷനുകളിൽ ഉപയോഗിച്ചു.

**ട്രൈബൽ മിഷൻ ആരംഭിച്ച വിവരം**

മാർത്തോമാ സഭാംഗവും റിട്ടേയേഡ് ഓഫീസറുമായ Late Mr. **Thomas** അവർകളുടെ മക്കൾ അമേരിക്കയിൽ വലിയ ഡോക്ടർമാരായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അവരെല്ലാവരും ചേർന്ന് സാധുക്കളുടെ ഇടയിൽ പ്രത്യേകമായി ആദിവാസികളുടെ ഇടയിൽ സാമൂഹിക സേവനം ചെയ്യണം എന്ന് ആഗ്രഹിച്ച് Mr. Thomas ന്റെ കയ്യിൽ പണം ഏൽപ്പിച്ചു. അദ്ദേഹം കേരള അട്ടപ്പാടി ജില്ലാ അതിരിൽ ആനക്കൂട്ടം ധാരാളം ഉള്ള സ്ഥലമായ തമിഴ്നാട് അധീനതയിൽ ഇരിക്കുന്ന ആനക്കട്ടിയിൽ പല ഏക്കർ സ്ഥലം വാങ്ങി വെറുതെ ഇട്ടിരുന്നു. തന്നെക്കൊണ്ട് പ്രവർത്തിക്കാൻ സാധ്യമല്ല എന്ന് കരുതി ആ സ്ഥലം മുഴുവനും ട്രൈബൽ മിഷൻ വെൽഫയർ ട്രസ്റ്റിന്റെ കയ്യിൽ ഏൽപ്പിച്ചു. അവിടെ സാമൂഹ്യസേവനം ചെയ്യാൻ അഭ്യർത്ഥിച്ചു. ആ മലയിൽ ഇരുളർ, മുതുവർ, ചോലനായ്ക്കന്മാർ തുടങ്ങിയ ആദിവാസികൾ ഏകദേശം 6000 കുടുംബങ്ങൾ ഉണ്ടായിരുന്നു. അവർക്ക് ചികിത്സാ സൗകര്യങ്ങൾ ഒന്നും ഇല്ലാതിരുന്നതുകൊണ്ട് ആ ഭൂമിയിൽ ആശുപത്രി കെട്ടിടം പണിയാൻ തീരുമാനിച്ചു. Dr. പുഷ്പരാജായ ഞാൻ ആ സ്ഥലത്തിൽ ചെന്നു. സ്ഥലത്തിന്റെ അതിരെല്ലാം കോയമ്പത്തൂരിലുള്ള മാർത്തോമാ സഭയിലെ സഹോദരന്റെ സഹായത്തോടെ സർവ്വേ നടത്തി. മദ്രാസ് ബെയിൻസ് ഹയർ സെക്കന്ററി സ്കൂളിൽ ടൈപ്പിസ്റ്റായി ജോലി ചെയ്തുകൊണ്ടിരുന്ന സഹോ. സലോമോൻ എന്ന വ്യക്തി ദൈവവേലയിൽ താൽപര്യം കാണിച്ചതുകൊണ്ട് ആനക്കട്ടിയിൽ കൂട്ടിക്കൊണ്ടുപോയി മിഷനറിവേലയും സ്ഥലത്തെ വൃത്തിയാക്കാനും ഏർപ്പാടു ചെയ്യുവാൻ പണം കൊടുത്ത് ഏർപ്പാട്

ചെയ്തു. ട്രൈബൽ മിഷൻ ആശുപത്രി ഉള്ള ആ സ്ഥലത്തിന്റെ തൊട്ടടുത്ത് ഒരു ഓടിട്ട വീടുണ്ടായിരുന്നു. ആ വീട് വൃത്തിയാക്കി അവരെ താമസിക്കാൻ ഏർപ്പാട് ചെയ്തു. ആദ്യം അതിർ മുഴുവനും കൽത്തൂണുകൾ ഇറക്കി ഇരുമ്പ് മുൾവേലികൊണ്ട് കെട്ടി. രണ്ടാഴ്ചക്കൊരിക്കൽ ഞാനും വന്ന് രണ്ടു ദിവസം അവിടെ താമസിച്ച് നടന്ന ജോലി പണക്കണക്ക് എല്ലാം നോക്കി അദ്ദേഹത്തോട് ചേർന്ന് കൂലിപ്പണി ചെയ്യുന്ന ആളുകളേയും കൂട്ടിവരുത്തി യേശുവിന്റെ സുവിശേഷം അറിയിച്ചു പ്രാർത്ഥിക്കും. ആ വീട്ടിന്റെ തൊട്ടടുത്ത് വലിയ ഒരു കിണർ ഉണ്ട്. കിണറ്റിൽ ധാരാളം പാമ്പുകളും ഉണ്ട്. ഞാൻ അവിടെ താമസിച്ച രണ്ടു രാത്രികൾ പാമ്പുകൾ മുറിക്കകത്തു വന്നത് കണ്ടു. വൈകുമ്പോൾ ആനക്കൂട്ടങ്ങൾ കടന്നുപോകുന്നതും കണ്ടു.

ഈ സമയം ആനക്കട്ടി ചുമതല ഏറ്റെടുത്ത Dr. മുരളീധർ അവർകൾ വന്ന് ആ സ്ഥലത്തിൽ ആശുപത്രി പണിയാനുള്ള ഏർപ്പാടുകൾ അദ്ദേഹത്തിന്റെ സുഹൃത്തുക്കളായ എഞ്ചിനേഴ്സിനോട് ചേർന്ന് ചെയ്തു. ആശുപത്രി പണി പൂർത്തിയായി.



Bethany Medical Centre, Anaikatty
Tribal Mission HospitaL

ഈ ആശുപത്രി തുടങ്ങുന്നതിന് മുമ്പേ അട്ടപ്പാടി മലയുടെ ഉള്ളിൽ അകഴി എന്ന സ്ഥലത്തിൽ കെട്ടിടം പണിത് ഒരു ക്ലിനിക് തുടങ്ങി. ഇതുതന്നെ ട്രൈബൽ മിഷന്റെ ആദ്യത്തെ ആശുപത്രി. ആഴ്ചയിലൊരിക്കൽ Dr. മുരളീധർ മേട്ടുപാളയത്തിൽ നിന്ന് ഒരു ഡോക്ടറും മാസം ഒരു പ്രാവശ്യം ഞാനും ക്ലിനിക്കിൽ ആദിവാസികൾക്ക് ചികിത്സയും സുവിശേഷം അറിയിക്കുകയും ചെയ്തു. രണ്ടു മിഷനറി സഹോദരികളെ അവിടെ സ്ഥിരം ഇരുത്തി മരുന്നുകളും കൊടുത്ത്

സുവിശേഷം അറിയിക്കാൻ ഏർപ്പാടുകൾ ചെയ്തിരുന്നു. ആനക്കട്ടി വലിയ ആശുപത്രി പണിതതിനുശേഷം Dr. മുരളീധർ അവർകൾ കൊല്ലം ആശുപത്രി ജോലി രാജിവെച്ച് കുടുംബത്തോടെ ആനക്കട്ടിയിൽ താമസിച്ചു. ആരംഭകാലം പല പ്രയാസങ്ങളും പല അപമാനങ്ങളും Dr. മുരളീധർ അവർകൾക്ക് നേരിടേണ്ടി വന്നു. എന്നിട്ടും Dr. മുരളീധർ തളർന്നില്ല.

ആനക്കട്ടി ആശുപത്രിയിൽ ആദിവാസികൾക്കായി ചികിത്സക്ക് പണം വാങ്ങുന്നില്ല. Dr. മുരളീധർ അവർകളുടെ ദർശനത്തിന്റെ അടിസ്ഥാനത്തിൽ ആ ആശുപത്രിയെ വലുതാക്കാൻ സാധിച്ചു. ട്രൈബൽ മിഷന് വിദേശസഹായം ഒന്നുമില്ല. വരുമാനം വളരെ കുറവും രോഗികൾ കുടുതൽ ആണ്. Dr. മുരളീധറോടു പുതിയ ഭരണസമിതി തിരഞ്ഞെടുക്കപ്പെട്ടു. അനക്കട്ടി ആശുപത്രിക്ക് **ബഥനി ആശുപത്രി** എന്ന് പേരിട്ടു. ട്രൈബൽ വെൽഫയർ ട്രസ്റ്റ് ഹോസ്പിറ്റൽ എന്ന പേരിൽ നിയമപ്രകാരം നടത്തുന്നു.

**ട്രൈബൽ മിഷൻ മെട്രിക്കുലേഷൻ സ്കൂൾ**

Dr. മുരളീധറുടെ ഉള്ളിൽ പരിശുദ്ധാത്മാവ് പ്രവർത്തിച്ച് ആദിവാസി പിള്ളേരെ പഠിപ്പിക്കണം അതോടൊപ്പം യേശുവിനെയും അറിയിക്കണം എന്ന ഭാരം ഉണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഡേ കെയർ സെന്റർ പോലെ ചെറിയ പിള്ളാർക്കുവേണ്ടി വകുപ്പുകൾ തുടങ്ങി. ആ പിള്ളേർക്ക് താമസിക്കാനും




**Bethany English Medium High School,**
**(Tribal Mission School)**

ഹോസ്റ്റൽ സൗകര്യം ഉണ്ടാക്കി. ഈ കുട്ടികൾ വനത്തിന്റെ ഉള്ളിൽ തങ്ങളുടെ വീടുകളിലേക്ക് പോകുമ്പോൾ യേശുവിനെയും ചുമന്നുകൊണ്ട് പോകുവാൻ സാധിക്കും. സ്കൂൾ തുടങ്ങിയ ഉടനെ പ്രശ്നങ്ങളും കൂടെ ഉണ്ടായി. സ്കൂൾ ഗവൺമെന്റ് അംഗീകാരം തരാൻ ഇഷ്ടപ്പെട്ടില്ല. കോൺഗ്രസ്സ് ഗവൺമെന്റും കമ്മ്യൂണിസ്റ്റ് ഗവൺമെന്റും ഇഷ്ടപ്പെട്ടില്ല. ഒടുവിൽ കോടതി വിധിയാണ് കേരളത്തിൽ ഈ ഒരു സ്കൂളിന് മാത്രം അംഗീകാരം കൊടുക്കാൻ വിധി പറഞ്ഞു. ഇന്ന് ഓരോ വർഷവും അട്ടപ്പാടി ഡിസ്ട്രിക്ടിൽ നൂറുക്കുനൂറ് റിസൾട്ട് കിട്ടുന്ന സ്കൂളാണ്.

**ട്രൈബൽ മിഷൻ ആശുപത്രിയുടെ ഇപ്പോഴത്തെ സ്ഥിതി**

ആദിവാസികൾക്ക് ആശുപത്രിയിൽ സൗജന്യമായി ചികിത്സയും ഓപ്പറേഷനും ചെയ്യുന്നു. പക്ഷെ അതിനുള്ള വരുമാനം ഇല്ല. പല നാടുകളിൽ ജോലിക്കുവേണ്ടി പോകുന്ന ഇന്ത്യാക്കാർ ട്രൈബൽ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കി പണമയച്ചു. അതും തികയാതെ പോയി. ഡോക്ടർമാർക്ക് ശമ്പളം നഴ്സുമാർക്ക് ആശുപത്രിയിൽ ജോലി ചെയ്യുന്ന മറ്റ് ജീവനക്കാർക്ക് ശമ്പളം കൊടുക്കാനും ഓരോരോ മാസവും വളരെ ബുദ്ധിമുട്ടുകളെ നേരിടേണ്ടിവന്നു. ആ ദിവസങ്ങളിൽ അനക്കട്ടി ഡോക്ടർക്കു കൊടുത്ത ശമ്പളം വളരെ കുറവാണ്. അവരെല്ലാം സേവന മനോഭാവമുള്ള ഡോക്ടർമാരായതുകൊണ്ട് അവർ സഹിച്ചു. ആ കാലത്തിൽ 2010–ാം വർഷം ഡോക്ടർമാർക്ക് കൊടുത്ത ശമ്പള വിവരം

| | | |
|---|---|---|
| Dr. ആനന്ദ് (സർജൻ) | – | Rs. 40,000 |
| Dr. രഞ്ജിനി (ഗൈനോക്കോളജിസ്റ്റ്) | – | Rs. 40,000 |
| Dr. രാജശേഖരൻ | – | Rs. 40,000 |
| Dr. ക്ലമന്റ് (ഓർത്തോ) | – | Rs. 30,000 |
| Dr. മീര (R.M.O) | | |

Dr. പീറ്റർ (പീഡിയാട്രിഷ്യൻ, UK)

Dr. ജനി (പീഡിയാട്രിഷ്യൻ)

Dr. Mrs. ഏലിയാമ്മ മുരളീധർ – Rs. 20,000

Dr. മുരളീധർ (M.D)മാത്രം തനിക്കു 15000 രൂപ ശമ്പളം മതി എന്ന് പറഞ്ഞു. ആ ശമ്പളം വാങ്ങുന്നു. ഇദ്ദേഹം തന്റെ മൂന്നു പെൺമക്കളേയും ഒരു മകനേയും കോളേജിൽ പഠിപ്പിച്ചു. തന്റെ മൂന്നു പെൺമക്കളുടേയും വിവാഹം നടത്തി ആ മൂന്നു പെൺമക്കളും സന്തോഷത്തോടും ആത്മീകത്തോടും തങ്ങളുടെ ഭർത്താക്കന്മാരോടും കൊച്ചുമക്കളോടും സന്തോഷത്തോടെ ജീവിക്കുന്നു.

**ആനക്കട്ടി ആശുപത്രി നടത്തിപ്പിൽ ഒരു വഴിത്തിരിവ്**

1. ട്രൈബൽ മിഷൻ മിഷനറിവേലകൾ 225 മിഷനറിമാരോട് കുറവില്ലാതെ വളർന്നുവരുന്നുണ്ട്.

2. ട്രൈബൽ മിഷൻ ആദിവാസി കുട്ടികൾക്കുള്ള മെട്രിക്കുലേഷൻ സ്കൂൾ വളരെനന്നായി നടന്നു കൊണ്ടിരിക്കുന്നു. ആ സ്കൂളിന് ഗവൺമെന്റ് സഹായം ഇല്ലാത്തതുകൊണ്ട് ടീച്ചർമാർക്ക് ശമ്പളം കൊടുക്കുവാൻ പ്രയാസം അനുഭവിക്കുന്നു.

3. ട്രൈബൽ മിഷൻ ആശുപത്രിയിൽ ഓൾഡേജ് ഹോമും പൂവർ ഹോമും വളരെ നന്നായി നടന്നുകൊണ്ടിരിക്കുന്നു.

4. ട്രൈബൽ മിഷൻ ആശുപത്രി കോമ്പൗണ്ടിൽ ഒരു വലിയ ഓഡിറ്റോറിയം പണിതു അതു ഒരു വലിയ കൺവെൻഷൻ സെന്ററാക്കി ധാരാളം ക്രിസ്തീയ സ്ഥാപനങ്ങൾ അവിടെ യോഗങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. യോഗത്തിൽ സംബന്ധിക്കുന്നവർക്ക് ആഹാരം ഉണ്ടാക്കുവാനുള്ള നല്ല ഏർപ്പാടുകൾ ചെയ്തു കഴിഞ്ഞു. ആ ഓഡിറ്റോറിയത്തിൽ ദൈവത്തെ സ്തുതിക്കുന്ന ശബ്ദവും ദൈവവചന ശുശ്രൂഷയും വളരെ ഭംഗിയായി നടക്കുന്നു. ആഴ്ച

തോറും നടക്കുന്ന വിവിധങ്ങളായ യോഗങ്ങളിൽ മാനസാന്തരപ്പെട്ടവരുടെ എണ്ണം കൂടുന്നതുകൊണ്ട് ട്രൈബൽ മിഷൻ ഭൂമി അനുഗ്രഹിക്കപ്പെട്ട ദൈവ സാന്നിധ്യം നിറഞ്ഞ ഭൂമിയാക്കി ദൈവം മാറ്റി.

മുകളിൽ പറഞ്ഞ കാര്യങ്ങളെല്ലാം നന്നായി നടന്നാലും ആശുപത്രി നട ത്താൻ ഡോക്ടർമാർക്ക് ശമ്പളം കൊടുക്കാൻ വലിയ ബുദ്ധിമുട്ടുകൾ അനുഭ വിച്ചുകൊണ്ടിരിക്കുന്നു.

ഡോ. മുരളീധർ അവർകൾക്കു ഹൃദയഓപ്പറേഷൻ കഴിഞ്ഞു എന്നാലും ആശുപത്രിയിൽ പ്രവർത്തിക്കുന്നു. അതുകൂടാതെ പഞ്ചസാരരോഗം, ബ്ലഡ്പ്ര ഷർ തുടങ്ങിയ രോഗങ്ങളും ചുമന്ന്കൊണ്ട് മിഷനറി സ്കൂൾ നടത്തിപ്പ്, ആശു പത്രിജോലി, കൺവെൻഷൻ പ്രസംഗ ദൈവവേല ഇതെല്ലാം തലയിൽ ചുമ ന്നുകൊണ്ട് പ്രവർത്തിക്കുന്നു. ഇതിന്റെ ഇടയിൽ ഈ ആശുപത്രി തുടർന്നു നടത്താൻ വല്യപ്രയാസവും ബുദ്ധിമുട്ടും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതു കൊണ്ട് ആശുപത്രി മുഴുവനും സി.എം.സി. വെല്ലൂർ ആശുപത്രി ഭരണസ മിതി തുടർന്നു നടത്തുവാൻ ഉള്ള ഏർപ്പാടു ചെയ്തു. ഇതു വിഷയമായി ഞാനും ഡോ. മുരളീധറും സി.എം.സി. വെല്ലൂർ ഭാരവാഹികളെ സന്ദർശിച്ചു. ഡോ. മുരളീധർ അവർകൾ പല എഴുത്തുകുത്തുകൾ നടത്തി പക്ഷെ അതുമു ഴുവനും തോൽവിയിൽ അവസാനിച്ചു.

ബിഷപ്പ് കെ.പി. യോഹന്നാൻ നടത്തുന്ന ബിലീവേഴ്സ് ചർച്ച് മെഡി ക്കൽ കോളേജ് ഭാരവാഹികൾ ഈ ആശുപത്രിയുടെ ചുമതല ഏറ്റെടുക്കാൻ ശ്രമിച്ചു. ആദിവാസികൾക്കു സൗജന്യ ചികിത്സ അവർ ഇഷ്ടപ്പെടുന്നില്ല. വേറെ അവർ പറഞ്ഞ ചില കണ്ടീഷനുകളും ഞങ്ങളെക്കൊണ്ടു സ്വീകരിക്കാൻ സാധിച്ചില്ല. അതും തോൽവിയായി.

ഓസ്ട്രേലിയ ക്രിസ്തീയ സ്ഥാപനത്തോട് ഡോ. മുരളീധർ അവർകൾ ബന്ധപ്പെട്ടു അവർ ആനക്കട്ടി ആശുപത്രി ഏറ്റെടുക്കണമെങ്കിൽ ഞങ്ങളുടെ ബോഡ് മീറ്റിംഗിൽ സംസാരിച്ച് അറിയിക്കാം എന്നു പറഞ്ഞ് ഒടുവിൽ ഇങ്ങനെ

മറുപടി പറഞ്ഞു. ഞങ്ങളുടെ സ്ഥാപനം ആശുപത്രി ഒഴികെ മറ്റെല്ലാ സാമൂഹിക സേവനങ്ങൾക്കും ഇന്ത്യയിൽ സഹായിക്കുന്നു അതും തോൽവിയായി.

ഇങ്ങനെ ഡോ. മുരളീധർ ആനക്കട്ടി ആശുപത്രിയെ ഏല്പിക്കുന്ന ഏർപ്പാടുകളെക്കുറിച്ച് ട്രൈബൽ മിഷൻ ബോഡ് ഇഷ്ടപ്പെട്ടിട്ടില്ല. കേരളത്തിൽ ഒത്തിരിപ്പേർ ഈ വിവരങ്ങൾ അറിഞ്ഞു. ഡോ. മുരളീധർ ട്രൈബൽ മിഷൻ ട്രസ്റ്റ് ഹോസ്പിറ്റൽ വിൽക്കാൻ ശ്രമിക്കുന്നു എന്ന് തെറ്റായിട്ട് അപവാദങ്ങൾ പറഞ്ഞു. ചിലർ പത്രത്തിൽ എഴുതി ആശുപത്രി ട്രസ്റ്റായി രജിസ്റ്റർ ചെയ്തതുകൊണ്ട് ട്രസ്റ്റ് പ്രോപ്പർട്ടി ആരെക്കൊണ്ടും വില്ക്കാൻ സാധിക്കില്ല. ഈ നിയമം അധികംപേർക്ക് അറിയില്ല. ആശുപത്രി മറ്റു സ്ഥാപനങ്ങൾക്ക് ഏല്പിച്ച് അതിനു പകരം പണം വാങ്ങാനോ, ഹോസ്പിറ്റലിനെ ലീസിനു കൊടുത്തു കമ്മീഷൻ വാങ്ങാനോ ഒരു ഉദ്ദേശവും ഇല്ല. ട്രൈബൽ മിഷൻ ആശുപത്രി ഏറ്റെടുക്കാൻ കോയമ്പത്തൂരിലുള്ള വല്യവല്യ ആശുപത്രി മുതലാളിമാർ ഇഷ്ടപ്പെട്ടു. എളുപ്പം അത് അവരുടെ കയ്യിൽ ഏല്പിക്കാം. ഏല്പിച്ചാൽ ഹൈന്ദവ വിഗ്രഹം ഉള്ളിൽ കേറും. ആദിവാസികളുടെ സൗജന്യചികിത്സക്കും ഹോസ്പിറ്റലിൽ നടക്കുന്ന പലവിധ ദൈവവേലക്കും അവർ തടസ്സമായി നില്ക്കും. ഈ ഒറ്റക്കാരണം കൊണ്ടാണ് ക്രിസ്തീയ സ്ഥാപനങ്ങളെ തേടി നടന്നത്.

ജാമക്കാരൻ വായനക്കാർ ഇന്ത്യയിലും വിദേശത്തും ഹോസ്പിറ്റലിനെ മുഴുവനായി മറ്റുള്ളവർക്കു ഏല്പിക്കുന്ന വിഷയമായി ധാരാളം കത്തുകളും ഇമെയിൽ വഴിയായി എന്നോടു ചോദിച്ചു. അതുകൊണ്ടു വായനക്കാർ അറിയാൻ വേണ്ടിയാണ് ഡോ. മുരളീധർ അവർകളുടെ അനുവാദമില്ലാതെ മാസികയിൽ ഈ വിവരങ്ങൾ എഴുതേണ്ടി വന്നു.

ട്രൈബൽ മിഷൻ മിഷനറിവേല, ട്രൈബൽമിഷൻ മെട്രിക്കുലേഷൻ സ്കൂളിന്റെ പണ ആവശ്യങ്ങൾ ആശുപത്രി നടത്താനുള്ള പ്രയാസങ്ങൾ ഇതിനെല്ലാം ഡോ. മുരളീധർ ഒറ്റയ്ക്കുനിന്ന് ഈ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നു. ഇതുകൊണ്ടുണ്ടായ അപമാനങ്ങളും മനപ്രയാസങ്ങളും ഡോ. മുരളീധർ മാത്രമായി ഏറ്റെടുത്തു മനപ്രയാസം അനുഭവിക്കുന്നു. വെളിയിൽ ഉള്ള കമ്മറ്റി

ട്രസ്റ്റ് ബോഡ് എല്ലാം വിധവിധമായ ആലോചനകളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കൊടുക്കുന്നുണ്ട്. പക്ഷെ അവരാരും ഉള്ളിലിറങ്ങി ഡോ. മുരളീധറുടെ ഭാരം ചുമക്കുന്ന കാര്യത്തിൽ കൈകൊടുക്കുന്നില്ല.

ഡോ. പുഷ്പരാജായ ഞാൻ ട്രൈബൽ മിഷന്റെ സ്ഥാപകനാണ്. ട്രൈബൽ മിഷൻ ആശുപത്രി ആരംഭിക്കാൻ പയനിയർ വേല തുടങ്ങി ആരംഭിച്ച സ്ഥാപകൻ എന്ന പേർ എനിക്കുണ്ടായാലും എന്നെക്കൊണ്ട് ഈ സ്ഥാപനങ്ങൾക്കോ ഡോ. മുരളീധർക്കോ ഒരു പ്രയോജനവും ഇല്ല. ഒരു കാര്യത്തിലും ഞാൻ ഇടപെടുന്നും ഇല്ല. അഡ്വൈസർ എന്ന പേരുമാത്രം ഉണ്ട്. ആ വിധത്തിലും ഞാനൊന്നും ചെയ്യുന്നില്ല. ഇതിനുവേണ്ടി എന്റെ മാസികയിലോ കൺവെൻഷനിലോ വിദേശ ദൈവവേലയിലോ പണപ്പിരിവിനുവേണ്ടി ഒരിക്കലും ഞാൻ പോയിട്ടില്ല. ട്രൈബൽ മിഷൻ ഹോസ്പിറ്റൽ പ്രവർത്തനത്തിലും ഞാനൊരു വേസ്റ്റ് ആണ്. ഇത് എന്റെ മനസ്സിനെ എപ്പോഴും കുത്തിക്കൊണ്ടിരിക്കുന്നു. കുറ്റബോധം എനിക്കുണ്ട്.

ഇതിന്റെ പ്രധാനകാരണം എന്റെ മാസികയായ ജാമക്കാരനിൽ (കാവൽക്കാരൻ) ഞാൻ പല സഭകളെക്കുറിച്ചും പാസ്റ്റർമാരെക്കുറിച്ചും ബിഷപ്പുമാരെക്കുറിച്ചും മോഡറേറ്ററെക്കുറിച്ചും ബൈബിൾ വിരുദ്ധമായ കാര്യങ്ങളെ ചൂണ്ടിക്കാണിച്ച് വിമർശിച്ച് എഴുതുന്നത് ധാരാളം പേർ ഇഷ്ടപ്പെടുന്നില്ല. എന്റെ എഴുത്തുകൾ ഇഷ്ടപ്പെടുന്നു എന്റെ പ്രസംഗങ്ങളെ ഇഷ്ടപ്പെടുന്നു പണവിഷയത്തിൽ എന്റെ വിശ്വസ്തത അവർ പുകഴ്ത്തിപ്പറയുന്നു. എന്നാൽ കുറവുകൾ ചൂണ്ടിക്കാണിക്കുന്നത് പല ഡയോസിസുകളിൽ നടക്കുന്ന വെട്ടിപ്പുക്കളെ തെളിവുകൾ സഹിതം ചൂണ്ടിക്കാണിക്കുന്നത് ആരും ഇഷ്ടപ്പെടുന്നില്ല. അതുകൊണ്ട് ട്രൈബൽ മിഷൻ നടത്തുന്ന യോഗങ്ങൾ കേരളത്തിലും തമിഴ്നാട്ടിലും നടന്നാൽ ഞാൻ സംബന്ധിക്കാൻ ഇഷ്ടപ്പെടുന്നില്ല. കഴിയുന്നതും ഒഴിഞ്ഞുമാറാൻ ഇഷ്ടപ്പെടുന്നു. കാരണം എന്നെക്കുറിച്ചുള്ള ഈ തെറ്റിദ്ധാരണ വെറുപ്പുമുഖാന്തരം ട്രൈബൽമിഷൻ ദൈവവേലക്ക് സഭാജനങ്ങളുടെ പണസഹായം കിട്ടാതെ പോകുമല്ലോ എന്നുള്ള ചിന്ത പ്രധാനകാരണമാണ് ഞാൻ ഇതിൽ ഇടപെടാത്തത്.

അവസാനം വായനക്കാർക്ക് ഞാൻ പറയാൻ ആഗ്രഹിക്കുന്നത് ഡോ. മുരളീധർ അവർകളെ എല്ലാവരും ചേർന്ന് കൈതാങ്ങണം. ഡോ. മുരളീധർ ഇല്ലാതെ പോയാൽ ആ ആശുപത്രിയും ഒന്നുമില്ലാതെ പോകും അദ്ദേഹത്തിന്റെ ദർശനങ്ങൾ നഷ്ടപ്പെട്ടു പോകും. അതുകൊണ്ട് ഡോ. മുരളീധറിന്റെ ആരോഗ്യത്തിനും ആയുസ്സിനും വേണ്ടി നാമെല്ലാവരും ചേർന്നു പ്രാർത്ഥിക്കാം. മുകളിൽപറഞ്ഞ മൂന്നു പ്രധാനപ്പെട്ട വേലകളും ദൈവത്തിന്റെ വേലയാണ്. ആ നല്ല വേലയിൽ നാമെല്ലാപേരും പങ്കാളികളാകണം. വായിക്കുന്ന വിശ്വാസികൾ (ഇന്ത്യ, വിദേശം) നിങ്ങളുടെ സഹായം ഡോ. മുരളീധറെ ഉത്സാഹപ്പെടുത്തുന്ന കത്തുകൾ അയച്ച് അദ്ദേഹത്തെ ബലപ്പെടുത്തണം. പണസഹായം ചെയ്യാൻ ആഗ്രഹിക്കുന്നവർ താഴെപ്പറയുന്ന അഡ്രസ്സിൽ ബന്ധപ്പെടുക. ചെക്ക്, ഡ്രാഫ്റ്റ് അയക്കുന്നവർ താഴെപ്പറയുന്ന അതേ അഡ്രസ്സിലേക്ക് അയക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

**TRIBAL MISSION** (OR) **Dr. MURALEEDHAR**

IRINGOLE (P.O), PERUMBAVOOR

ERNAKULAM (DIST.), KERALA - 683545, INDIA

MONEY TRANSFER : ***DR. MURALEEDHAR***

CATHOLIC SYRIAN BANK LTD.

PERUMBAVOOR

SB A/C. 0156-00706354 - 190001

IFSC : CSBK0000156

Email : tribalmission@hotmail.com

**കുറിപ്പ്** : ട്രൈബൽ മിഷൻ ബന്ധപ്പെട്ട ദൈവവേലക്ക് അയക്കുന്ന പണം എന്റെ അഡ്രസ്സിൽ അയക്കാൻ പാടില്ല എന്നു ദയവായി അഭ്യർത്ഥിച്ചുകൊള്ളുന്നു.

**യെഹെ 34:6** എന്റെ ആടുകൾ എല്ലാമലകളിലും ഉയരമുള്ള എല്ലാ കുന്നിന്മേലും ഉഴന്നുനടന്നു; ഭൂതലത്തിൽ ഒക്കെയും എന്റെ ആടുകൾ ചിതറിപ്പോയി; ആരും അവയെ തിരകയോ അന്വേഷിക്കയോ ചെയ്തിട്ടില്ല. (എന്ന് നമ്മെ ഉണ്ടാക്കിയ ദൈവം വിഷമിച്ച് പറയുന്നു)

# വാഴ്ത്തുന്നു!! അനുമോദിക്കുന്നു!!!



**Bishop**
**Rt.Rev.Sharma Nithiyanandham**

വെല്ലൂർ സി.എസ്.ഐ. ഡയോസിസിന്റെ 6–ാമത്തെ ബിഷപ്പായി റൈറ്റ്. റവ. എച്ച്. ഷർമാനിത്യാനന്തം ***MTH. BD*** അവർകൾ തിരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹത്തിനു ഭാര്യയും മകനും ഉണ്ട്. അച്ചനായി പ്രവർത്തിച്ചപ്പോൾ പണവിഷയത്തിൽ സത്യസന്ധനെന്നു പേരെടുത്തിരുന്നു. ഇദ്ദേഹത്തെ മദ്യപാന പരിചയമില്ലാത്ത അച്ചൻ എന്ന് അറിയുമ്പോൾ അത് ഒരു പ്രത്യേക യോഗ്യത ആകുന്നു. വെല്ലൂർ ഡയോസിസിലും മറ്റു ചില ഡയോസിസിലും മദ്യപാനത്തിന് അടിമയാകാത്ത അച്ചൻമാർ വളരെക്കുറവാണ്. ആ പരാതികളില്ലാത്ത ഇദ്ദേഹത്തെ തിരഞ്ഞെടുത്ത വെല്ലൂർ ഡയോസിസ് അച്ചന്മാരേയും ഭാരവാഹികളേയും വാഴ്ത്തുന്നു. ഇതിനു മുമ്പുണ്ടായിരുന്ന ബിഷപ്പിന്റെ കാലത്ത് പണവെട്ടിപ്പും കോടതി പ്രശ്നങ്ങളും ധാരാളം ഉണ്ടായിരുന്നു. പുതിയ ബിഷപ്പ് അതെല്ലാം ശരിയാക്കും എന്നു വിശ്വസിക്കുന്നു. പുതിയ ബിഷപ്പ് അവർകളെ ജാമക്കാരൻ വായനക്കാരുടെപേരിലും എന്റെ സ്വന്തം പേരിലും അനുമോദിക്കുന്നു.

## ജാമക്കാരൻ വേണ്ട

മാസിക വേണ്ട, എന്നു പറയുന്നവർ ഞാൻ അയച്ച മാസികയുടെ കവറിൽ ***REFUSED*** എന്നെഴുതി സ്റ്റാമ്പ് ഒട്ടിക്കാതെ പോസ്റ്റ് ബോക്സിൽ ഇട്ടാൽ മതി.

## അറിയിപ്പ്

കഴിഞ്ഞ മാസങ്ങളിൽ നടന്ന എല്ലാ യോഗങ്ങളേയും ദൈവം സമൃദ്ധിയായി അനുഗ്രഹിച്ചു. കുടുംബപ്രാർത്ഥന കൂട്ടായ്മകളിൽ കഴിഞ്ഞ രണ്ട് മാസങ്ങളായി കോട്ടയം, തിരുവല്ല, കൊട്ടാരക്കര എന്നീ സ്ഥലങ്ങളിൽ സംബന്ധിച്ചു. ദൈവവചനത്തിന്റെ സംശയങ്ങളെ കുറിച്ച് വിവരിച്ചു പറഞ്ഞത് എല്ലാവർക്കും സന്തോഷമുണ്ടാക്കി. കഴിഞ്ഞ വർഷങ്ങളിൽ സഭാകൺവെൻഷൻ യോഗങ്ങളിൽ അല്ലാതെ കുടുംബപ്രാർത്ഥനകളിൽ പങ്കെടുത്തിട്ടില്ല. സഭകളിൽ പ്രസംഗിക്കാൻ ചില തടസ്സങ്ങൾ ഉണ്ടായതുകൊണ്ട് ഈ യോഗങ്ങളിൽ പങ്കെടുക്കാൻ സമ്മതിച്ചതാണ്. ഇനി വരുന്ന കാലങ്ങളിൽ ഇങ്ങനെയുള്ള യോഗങ്ങളിൽ പങ്കെടുക്കാൻ തീരുമാനിച്ചു. ആഗ്രഹിക്കുന്നവർ നേരത്തെ എനിക്ക് കത്തെഴുതിയാൽ ഒറ്റദിവസം നിങ്ങൾക്ക് തീയതി നൽകി ബൈബിൾ സ്റ്റഡിയും പ്രാർത്ഥനയും നടത്താൻ സാധിക്കും. അതിൽ രോഗികൾക്ക് വേണ്ടിയും പ്രശ്നം ഉള്ളവർക്ക് വേണ്ടിയും പ്രത്യേക പാർത്ഥന ഉണ്ടായിരിക്കും. ദൈവം ഈ പുതുവഴിയിൽ എന്നെ നടത്തുന്നതുകൊണ്ട് ദൈവത്തെ സ്തുതിക്കുന്നു. ഈ പ്രാർത്ഥനാകൂട്ടങ്ങളിൽ ഉപദേശവിഷയങ്ങളെക്കുറിച്ചോ സഭയ്ക്കോ ഡയോസിസിനോ എതിരായിട്ടുള്ള ഏത് വിഷയങ്ങളെക്കുറിച്ചും ചോദിക്കാൻ പാടില്ല എന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

## സ്ഥലം മാറ്റം

നിങ്ങളുടെ താമസം മാറുമ്പോൾ പുതിയ അഡ്രസ്സ് എനിക്ക് എഴുതി അറിയിക്കണം. പ്രത്യേകം അച്ചൻമാർ പുതിയ പള്ളിയിൽ ട്രാൻസ്ഫർ ആകുമ്പോൾ പുതിയ അഡ്രസ്സ് എഴുതി അറിയിച്ചു സഹായിക്കണം.

മാസികയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ എഴുതി അറിയിക്കണം എന്ന് അറിയിച്ചുകൊള്ളുന്നു.


## നന്ദി

നിങ്ങൾ M.O/DD/Online Money Transfer വഴിയായി അയച്ച പണമെല്ലാം കിട്ടി. വളരെ ഉപകാരം. നിങ്ങൾക്ക് വേണ്ടി ഞങ്ങൾ തുടർന്ന് പ്രാർത്ഥിക്കുന്നു.

# AN OPEN LETTER TO Mr. MOTHI...

## *Congrats, **Mr. Modi.***
## *But, now will you please start working for the Nation ?*

So with Narendra Modi all set to rule the nation again for the next five years, what happens now? What will Christian do? Rather, what should Christians do?



The Bible is clear on the issue. Titus 3:1&2 say 'Remind them to be submissive to rulers and authorities, to be obedient, to be ready for every good work, to speak evil of no one, to avoid quarreling, to be gentle, and to show perfect courtesy toward all people.

**Romans 13:1 & 2** say 'Let every person be subject to the governing authorities. For there is no authority expect from God, and those that exist have been instituted by God. Therefore whoever resists the authorities resists what God has appointed and those who resists will incur judgment.'

**1 Peter 2:13 & 14** say: Be subject for the Lord's sake to every human institution, whether it be to the emperor as supreme, or to governors as sent by him to punish those who do evil and to praise those who do good.' Three verse down the line in the same chapter, Peter adds four classic phrases that reads like a code of conduct for us Christians in a nation's polity. And the code of conduct is this. 'Honor everyone. Love the brotherhood. Fear god. Honor the emperor.

Except when our faith is threatened or our rights compromised , we need not look beyond this code of conduct. It is from our rule book. And this is for our safe living.

One only hopes the Prime Minister will realize the enormous responsibility the nation has placed on him and start working for the welfare of the nation dropping his biases, petty politics and minority bashing. We are not looking for a perfect PM. only an earnest one ! One who is sincere, loyal to the people and who gives his best for the nation.

No government on earth has ever been perfect. No government yet to come till this side of eternit will be perfect either nor do they always follow God’s laws and plans. The Narendra Modi government will be no exception. It will make its own mistakes.

It has made innumerable Himalayan blunders like the hastily conceived and poorly implemented demonetization, GST, besides heaping atrocities on the minorities through their tacit approval to lynchings in the name of cow protection etc.,

Modi has also become a laughing stock in the national and international media on many occasions with his comments ranging from the bizarre to the brainless on anything and everything under the sun from taking gas from the gutter to cloud cover from radar for fighter aircraft. I am sure he will come up with more such gaffes and his government will keep making more blunders. Nevertheless, the nation has elected him and his government and we need to respect the mandate.

Therefore, in as much as the government does not contradict God’s Word as revealed to us in the Bible, we are to be peaceable with it. (Romans 12:18)

So. am I suggesting that we lie low and not reach when a church in Karnataka or Orrisa or Bihar is burned down or when belivers are paraded naked and beaten to death for not forsaking their faith in Jesus Christ? NO! Not at all! The law of the land is alive and kicking!

I thank God for institutions like the judiciary and the Election Commission, although the integrity of these institutions have come under scrutiny in the past five years. They give the common man hope that all’s not lost in this nation. We need to raise our voice and resort to ways and means that are guaranteed to us in the Constitution. Freedom of faith is just one of them. There are several others as well

# *7 things Narendra Modi will do well remember !*

***Finally, Is there something God wants to tell the ruler of this nation? Yes, inneed . There are a few things I think God would want Modi to know. You can find them all in the Bible. I give below a few verses.***

**1. God is Supreme & Sovereign**

“The kings’s heart is a stream of water in the hand of the Lord; he turns it wherever he will” (Proverbs 21:1)

“ Blessed be th e name of God forever and ever, to whom belong wisdom and might. He changes times and seasons; he removes kings and sets up kings: he gives wisdom to the wise and knowledge to those who have understanding; he reveals deep and hidden things; he knows what is in the darkness, and the light dwells with him” (Daniel 2:20-22)

**2. God loves you, too !**

"For God so loved the world, that he gave his only Son, that whoever believes in him should not perish but have eternal life" (John 3:16)

"Behold, I stand at the door and knock .If anyone hears my voice and opens the door, I will come in to him and eat with him, and he with me". (Revelation 3:20)

"For what will it profit a man if he gains the whole world, and loses his own soul? 37 Or what will a man give in exchange for his soul?" (Mark 8:36-37)

**3. With authority comes accountability**

To whom much is given, much be required (Luke 12;48)

"Jesus answered him, "You would have no authority over me at all unless it had been given you from above..." (John 19:11)

**4. If you seek God, you can find HIM**

"And you, Solomon my son, know the God of your father and serve him with a whole heart and with a willing mind, for the Lord searches all hearts and understands every plan and thought. If you seek him, he will be found by you, but if you forsake him, he will cast you off forever". (1Chonicles 28:9)

**5. Perhaps you have a divine mandate too (like King Cyrus had one)**

Isaiah 45.

**6. Treat Gods'sa children well**

"For thus said the Lord of hosts, after his glory sent me to the nations who plundered you, for he who touches you touches the apple of his eye: "Behold, I will shake my hand over them, and they shall become plunder for those who served them. Then you will know that the Lord of hosts has sent me" (Zechariah 2:8&9)

**7. Attempt to thwart God's plans atyour own peril**

'Saul Saul, why are you persecuting me? It is hard for you to kick against the goals.' (Acts26:14)

There is severe discipline for him who forsakes the way... (Proverbs 15:10)

It's a tall order before Modi. I earnestly hope he lives up to it. He will be judged not by his oratory but by his actions. I hope they are good. To whom much is given, much will be required (Luke12:48) RS.

*This article is a slightly edited piece of another article which appeared in The Christian Messenger in June 2014 soon after Mr. Modi became Prime Minister fot the first time.*

# അറിയിപ്പ്

ഡോ. പുഷ്പരാജായ എന്റെ ദൈവവേലക്ക് ഓൺലൈൻ വഴി മണിട്രാൻസ്ഫർ ചെയ്തവർ ഇനി ഇമെയിൽ വഴിയായി അയച്ചവിവരം അറിയിക്കാതെ മൊബൈൽ എസ്.എം.എസ്. വഴി അയക്കാൻ ഏർപ്പാടു ചെയ്തിരിക്കുന്നു. **മൊബൈൽ നമ്പർ 9894261333.** ഈ മൊബൈൽ നമ്പർ വഴി സംസാരിക്കാൻ ശ്രമിക്കരുത്. **SMS** അയക്കാൻ വേണ്ടി മാത്രം നിങ്ങൾ ഉപയോഗിക്കണം. ഈ മൊബൈൽ എന്റെ കയ്യിൽ ഉള്ളതല്ല ഓഫീസിൽ ഉള്ളതാണ്. അയക്കേണ്ട വിവരം

1. അയച്ചവരുടെ പേര്
2. സ്ഥലം
3. അയച്ചതുക
4. അയച്ചതീയതി
5. നിങ്ങളുടെ ഫോൺ നമ്പർ
6. ഏതു ബാങ്ക് വഴി അയച്ചു (എസ്.ബി.ഐ., കാനറ)

**JUNE - 2019**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.